# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3368** | **29.01.2014-ൽ മറുപടിക്ക്**

## വെള്ളായണി കാർഷിക കോളേജ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) വെള്ളായണി കാർഷിക കോളേജിൽ നിന്നും വിരമിച്ച സ്ഥിര ജീവനക്കാരായ തൊഴിലാളികൾക്ക് 2004-ലെയും 2009-ലെയും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വെള്ളായണി കാർഷിക കോളേജിന്റെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും വിരമിച്ച സ്ഥിരം ജീവനക്കാരായ എല്ലാവർക്കും 2004-ലെയും 2009-ലെയും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥിരം തൊഴിലാളികളായ 5 പേർ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ പെൻഷൻ ബുക്കും രേഖകളും സമർപ്പിച്ചിട്ടില്ല. ഈ കാരണത്താൽ അവർക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കാനുണ്ട്. |
| ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയായ തുക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | ബി) മുകളിൽ പറഞ്ഞിട്ടുള്ള ജീവനക്കാർ പെൻഷൻ ലഭിക്കുവാൻ വേണ്ട രേഖകൾ സമർപ്പിച്ചാൽ ഇത് ഉത്തരവായി വരുന്ന മുറയ്ക്ക് പ്രസ്തുത തുകകൾ വിതരണം ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ